(ഇ) സമിതി സമരം നടത്താൻ പോകുന്നു എന്നുള്ള പത്രവാർത്ത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എസ്. എസ്. എൽ. സി. വിജയ ശതമാനം

968 [1164] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ മോഡറേഷൻ ഇല്ലാതെയുള്ള വിജയശതമാനം എത്രയായിരുന്നു?

ഉത്തരം

പൊതുതാൽപ്പര്യത്തെ മുൻനിർത്തി ഇക്കാര്യം വെളിപ്പെടുത്താൻ നിവൃത്തിയില്ല.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

969 [1165] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4-ാം സ്റ്റാൻഡേർഡ് മുതൽ മാർക്കിൻെറ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള സ്കോളർഷിപ്പ് തുകകൾ ഇതുവരെ വിതരണം ചെയ്യാത്ത എ. ഇ. ഒ. ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഇതേവരെ വിതരണം ചെയ്യാതിരുന്നതിൻെറ കാരണം വ്യക്തമാക്കാമോ;

(സി) അടിയന്തിരമായി അവ വിതരണം ചെയ്യുവാൻ എ.ഇ.ഒ. മാർക്ക് നിർദ്ദേശം നൽകുമോ;

(ഡി) പുസ്തകങ്ങൾക്കും ബുക്കുകൾക്കും അമിതമായി വില വർദ്ധിച്ചതിൻെറ വെളിച്ചത്തിൽ ഈ വർഷത്തെ ലംപ്സംഗ്രാൻറ് തുകകൾ വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) സ്കോളർഷിപ്പു തുകകൾ വിതരണം ചെയ്തിട്ടുണ്ടെന്നാണ് വിവരം കിട്ടിയിട്ടുള്ളത്. ആർക്കെങ്കിലും കിട്ടിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ അവർക്ക് നൽകാൻ നിർദ്ദേശം നൽകുന്നതാണ്.

(ഡി) ഇക്കാര്യം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly